(ബി) പ്രസ്തുത കെട്ടിടത്തിൽ അടുത്തകാലത്തായി കളവ് നടന്നതായ സംഭവം അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനമായിട്ടില്ല.

(ബി) മോഷണശ്രമം നടന്നതായി സ്ഥലവാസികൾ അറിയിച്ചിരുന്നു.

(സി) മോഷണശ്രമം നടന്നെന്ന് സ്ഥലവാസികൾ അറിയിച്ചതിനെ തുടർന്ന് പോലീസിനെക്കൊണ്ട് അന്വേഷിപ്പിച്ചതിൽ പൂട്ടുകുത്തിപ്പൊളിച്ചതല്ലാതെ ഒന്നും തന്നെ നഷ്ടപ്പെട്ടതായി കണ്ടില്ല. കൂടുതൽ സംരക്ഷണത്തിനായി പോലീസിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

കൊട്ടിയം കെ. ഐ. പി. ഗോഡൗണിൽ നടന്ന മോഷണം

47 (1735) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിലെ കെ. ഐ. പി. നിർമ്മാണത്തിനാവശ്യമായ കൊട്ടിയം കെ. ഐ. പി. ഗോഡൗണിൽ നടന്ന മോഷണത്തിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് പറയാമോ ;

(ബി) വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പോലീസ് അന്വേഷണം നടന്നു വരികയാണ്.

(ബി) വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡിന്റെ സഹായത്തോടെ കുഴൽകിണർ നിർമ്മാണം

48 (1736) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡിന്റെ സഹായത്തോടെ കുടിവെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ കുഴൽകിണർ നിർമ്മിച്ചുകൊടുക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇടുക്കി ജില്ലയിൽ പ്രസ്തുത പദ്ധതിപ്രകാരം കുഴൽകിണർ നിർമ്മിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) കുടിവെള്ള പ്രശ്നം വളരെ രൂക്ഷമായ ഇടുക്കി ജില്ലയിലെ പ്രദേശങ്ങളിൽ കൂടുതൽ കുഴൽകിണറുകൾ നിർമ്മിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly